II. അടിയന്തിര പ്രമേയം

കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ച സംഭവം

9.30 A.M.

മി. സ്പീക്കർ : കേന്ദ്രറെയിൽവേ വകുപ്പുമന്ത്രി ലോക്സഭയിൽ അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ പാടെ അവഗണിക്കപ്പെട്ടിരിക്കുകയും റെയിൽവെസോൺ, പുതിയ റെയിൽപാത ഇരട്ടിപ്പിക്കലും വിപുലീകരണവും, മേൽപ്പാല നിർമ്മാണം, വൈദ്യുതീകരണം തുടങ്ങി കേരളത്തിന്റെ റെയിൽവെ വികസന ആവശ്യങ്ങളെല്ലാം അവഗണിക്കപ്പെടുകയും നടന്നുവരുന്ന വികസനപ്രവർത്തനങ്ങളെല്ലാം സ്തംഭിച്ചിരിക്കുകയും ചെയ്തതിൽ ജനങ്ങൾക്കാകെ ഉളവായിരിക്കുന്ന ഉത്ക്കണ്ഠയും കേരള ജനതയുടെ വികാരവും കേന്ദ്ര ഗവൺമെന്റിനെ അറിയിക്കേണ്ടത് സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, പി. സി. ജോർജ്ജ്, എ. എ. അസീസ്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ്, ശ്രീ. പി. എസ്. സുപാൽ, ശ്രീ. സി. പി. മുഹമ്മദ് എന്നീ അംഗങ്ങൾ സബ്മിഷൻ തന്നിട്ടുണ്ട്. ജനറലായിട്ട് എല്ലാ മെമ്പർമാരുടേയും വികാരമെന്നുള്ള നിലയ്ക്ക് ഇതിനനുബന്ധമായിട്ട് പറയാം.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, റെയിൽവെ ബഡ്ജറ്റിൽ കേരള സംസ്ഥാനത്തിന്റെ താൽപര്യം പരിരക്ഷിച്ചിട്ടില്ല എന്നുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. സംസ്ഥാനത്തിന്റെ ഏറ്റവും സുപ്രധാനമായ 16 ആവശ്യങ്ങളടങ്ങിയ ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവെ മന്ത്രിക്കും നേരത്തെ സമർപ്പിച്ചിരുന്നതാണ്. പ്രധാനമന്ത്രി കഴിഞ്ഞ 15, 16 തീയതികളിൽ കൊച്ചിയിൽ എത്തിയപ്പോൾതന്നെ ഇതുസംബന്ധിച്ച് സംസ്ഥാനത്തിന്റെ താൽപര്യം ആവർത്തിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. മാത്രമല്ല സംസ്ഥാന മന്ത്രിമാരുടേയും സംസ്ഥാനത്തുനിന്നുള്ള എം. പി. മാരുടേയും പ്രധാനമന്ത്രികൂടി പങ്കെടുത്ത യോഗത്തിലും ഇതുസംബന്ധിച്ച് ചർച്ച വന്നതാണ്. എന്നാൽ ബഡ്ജറ്റ് വന്നുകഴിഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ താൽപര്യം പരിരക്ഷിക്കപ്പെട്ടില്ല എന്നുള്ള നിലപാടിലാണ് നിൽക്കുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പാതയിരിട്ടിപ്പിക്കൽ പദ്ധതിപോലും തുടർന്ന് മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ വീണ്ടും തുക അനുവദിക്കണമെന്നുള്ള നിലയിൽ എത്തിയിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ആശങ്ക പ്രധാനമന്ത്രിയേയും കേന്ദ്ര റെയിൽവേ മന്ത്രിയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഫാക്സ് സന്ദേശത്തിൽ അറിയിച്ചിട്ടുണ്ട്. ഗേജ് കൺവർഷനുവേണ്ടിയും ഡബ്ളിംഗിനു വേണ്ടിയും ആവശ്യമായ തുക ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ വന്നിട്ടില്ല. രണ്ട് പുതിയ മേൽപ്പാലങ്ങൾ മാത്രമാണ് നമുക്ക് അനുവദിച്ചിട്ടുള്ളത്. 54 മേൽപ്പാലങ്ങളുടെ ഓൺഗോയിംഗ് വർക്കുകൾ നടക്കുന്നുണ്ട്. അതെല്ലാം തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികളാണ്. പക്ഷെ ഏറ്റുമാനൂർ-കൊല്ലം അവിടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുമാരനെല്ലൂർ ഓവർബ്രിഡ്ജിനുവേണ്ടിയും കോട്ടയം ചിങ്ങവനം ലൈനിലുള്ള ഓവർബ്രിഡ്ജിനുവേണ്ടിയും (ഈ രണ്ട് മേൽപ്പാലങ്ങൾ) മാത്രമാണ് ഈ വർഷം പുതുതായി അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് സംസ്ഥാനത്തിന്റെ താൽപര്യം പൊതുവായി സംരക്ഷിക്കപ്പെട്ടിട്ടില്ല എന്നുള്ള പൊതുവികാരമുണ്ട്. ആ പൊതു വികാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയേയും കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയേയും അറിയിച്ചിട്ടുണ്ട്. ഇനിയും അതിൻമേൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പരിരക്ഷിക്കപ്പെടണം എന്നതുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സംസ്ഥാന ഗവൺമെന്റ് ഈ പ്രശ്നം വേണ്ടത്ര ഗൗരവത്തിൽ ഉൾക്കൊണ്ടിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്ന് വ്യക്തമായത്. കേരള ജനതയുടെ പ്രതിഷേധത്തിനിടയാക്കിയ ഒരു ബഡ്ജറ്റാണ് പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇതിനെതിരായി കേരളം ഒറ്റക്കെട്ടായി നിൽക്കണം. ഒരു അപശബ്ദംപോലുമുണ്ടാകാൻ പാടില്ല. 46 പുതിയ തീവണ്ടികൾ അനുവദിച്ചപ്പോൾ കേരളത്തിന് ഒറ്റ തീവണ്ടി കിട്ടിയോ? തമിഴ്നാടിന് ആറ്, ആന്ധ്രാപ്രദേശിന് അഞ്ച്, കേരളത്തിന് പൂജ്യം. വിവിധ പദ്ധതികൾക്കുവേണ്ടി ബഡ്ജറ്റിൽ വിഹിതം അനുവദിച്ചപ്പോൾ ആ തുകയിലും മുൻകൊല്ലത്തേക്കാൾ കുറവ് സംഭവിച്ചിരിക്കുകയാണ്. കേരളത്തിന് ഇപ്പോൾ നീക്കിവച്ചത് 110 കോടി രൂപയാണ്. കേരളത്തിന് കഴിഞ്ഞ വർഷം 138 കോടി രൂപയുണ്ടായിരുന്നു. അത് 110 കോടി രൂപയായി കുറഞ്ഞു. സുരക്ഷാനിധിയിൽ നിന്ന് കഴിഞ്ഞ വർഷം 61 കോടി രൂപ കേരളത്തിനുണ്ടായിരുന്നു. എന്നാൽ അത് ഇപ്പോൾ 39 കോടി 18 ലക്ഷം രൂപ മാത്രമേയുള്ളു. കഴിഞ്ഞ വർഷം സുരക്ഷാ നിധിയിൽ നിന്നും മറ്റ് പദ്ധതികളിൽ നിന്നുമായി 206 കോടി രൂപ കിട്ടിയ സ്ഥാനത്ത് ഇപ്പോൾ 149.18 കോടി രൂപ മാത്രമാണ് കേരളത്തിന് കിട്ടിയിരിക്കുന്നത്. കഴിഞ്ഞ തവണത്തേക്കാൾ കുറവ്. വൈദ്യുതീകരണം, പാത ഇരട്ടിപ്പിക്കൽ, മേൽപ്പാല നിർമ്മാണം എന്നിവയ്ക്കുവേണ്ടി അനുവദിച്ചിരിക്കുന്ന വിഹിതത്തിൽത്തന്നെ വലിയ കുറവ് വന്നിരിക്കുകയാണ്. പുതിയ പാതകൾക്കായി ബഡ്ജറ്റിൽ മൊത്തം 658 കോടി രൂപ നീക്കിവച്ചപ്പോൾ കേരളത്തിന് മൂന്ന് കോടി രൂപമാത്രമാണ് അനുവദിച്ചത്. അതായത് ഈയിനത്തിൽ വകയിരുത്തിയ തുകയുടെ അര ശതമാനമാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. ഇത് എന്തൊരു അപമാനകരമാണ്? ഇവിടെ മൊത്തം 31 പാതകൾക്ക് സർവ്വെ നടത്തുമ്പോൾ കേരളത്തിന് ഇപ്പോൾ സർവ്വേയ്ക്കുവേണ്ടി പറഞ്ഞിരിക്കുന്നത് ഒറ്റപാതയാണ്. അത് തൃശ്ശൂർ-കൊല്ലംകോട് പാതയാണ് കിട്ടിയിരിക്കുന്നത്. പാലക്കാട് ഇപ്പോൾ സ്ലീപ്പർ പ്ലാന്റ് സ്ഥാപിച്ചെന്ന് പറയുന്നുണ്ടെങ്കിലും അത് പഴയ പദ്ധതിയുടെ പുനർജീവനം മാത്രമാണ്. ഇത് പുതിയ പ്രോജക്ട് അല്ല. കുറ്റിപ്പുറം-ഗുരുവായൂർ, അങ്കമാലി-ശബരിമല, കോട്ടയം-എരുമേലി എന്നീ പദ്ധതികൾക്ക് നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. വല്ലാർപാടം പദ്ധതി വരുമ്പോൾ അധിക ട്രാഫിക് ഉണ്ടാകും. ആ ട്രാഫിക് കൂടി കൈകാര്യം ചെയ്യത്തക്കവിധത്തിലുള്ള ഇടപ്പള്ളി-താനൂർ തീരദേശ ലൈൻ വേണമെന്നുള്ള കേരളത്തിന്റെ ആവശ്യത്തെപ്പറ്റി ബഡ്ജറ്റിൽ ഒരു വാചകം പോലും പറയാൻ തയ്യാറായില്ല. വല്ലാർപാടം പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് ചെയ്തിരിക്കുന്ന സഹായത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുന്ന ദിവസം തന്നെ ഇങ്ങനെയൊരു കാര്യം ഇവിടെ ഉന്നയിക്കേണ്ടിവന്നു എന്നത് അത്യന്തം ഗൗരവമുള്ള കാര്യമാണ്. മലബാർ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയോട് തികഞ്ഞ പരിതാപകരമായ അവഗണനയാണ് ഇപ്പോഴും ഉള്ളത്. നിലമ്പൂർ-നഞ്ചൻഗുഡ് പാതയെ സംബന്ധിച്ച് പരാമർശമേയില്ല. തലശ്ശേരി-മൈസൂർ റെയിൽവെപ്പാത അനങ്ങുന്നില്ല. ബാംഗ്ളൂരിലേയ്ക്ക് പ്രതിദിന തീവണ്ടി വേണമെന്ന ആവശ്യം പരിഗണിച്ചിട്ടില്ല. അത് കിട്ടുമെന്ന് പത്രവാർത്തയുണ്ടായിരുന്നു. അതുപോലുമില്ല. മംഗലാപുരത്തുനിന്ന് ചെന്നൈയിലേയ്ക്ക് പോകുന്ന ട്രെയിനിൽ ഹൗറയ്ക്ക് ഒരു ബോഗിയുണ്ടായിരുന്നു. ആ ബോഗി പോലും എടുത്തു കളഞ്ഞു. കേരളത്തിന്റെ ഒരു കാര്യവും പരിഗണിക്കില്ല എന്ന വാശി എന്തുകൊണ്ടാണ് കേന്ദ്രം സ്വീകരിക്കുന്നത് ? കേരളം എന്നുപറയുന്നത് കേന്ദ്രത്തിന്റെ ഒരു ആശ്രിത രാജ്യമായിട്ടാണോ കേന്ദ്രം കരുതുന്നത്. ഇത്തരത്തിലുള്ള ഒരു സമീപനം എന്തുകൊണ്ട് കേന്ദ്രം സ്വീകരിക്കുന്നു? കേരളത്തിന് നേരത്തെ അനുവദിച്ച തീവണ്ടിപ്പാതകളുടേയും, മേൽപ്പാലങ്ങളുടേയും, പാതഇരട്ടിപ്പിക്കലിന്റെയും പണികൾ എപ്പോഴാണ് തീരാൻ പോകുന്നത്? ഇതിനുവേണ്ടി വർഷങ്ങൾ ഇനിയും നമ്മൾ കാത്തിരിക്കേണ്ടിവരും. 16 മേൽപ്പാലങ്ങൾ കേരളം ചോദിച്ചപ്പോൾ കിട്ടിയത് രണ്ടു മേൽപ്പാലങ്ങളാണ്. മേൽപ്പാലങ്ങളുടേയും കീഴ്പാലങ്ങളുടേയും ലെവൽ ക്രോസിംഗുകളുടേയും പണികൾക്കുവേണ്ടി ഓരോ ലക്ഷം രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. നമ്മളൊക്കെ ജീവിച്ചിരിക്കുന്ന കാലത്തെങ്കിലും ഈ മേൽപ്പാലങ്ങളൊക്കെ പൂർത്തിയാകുമോ? മേൽപ്പാലങ്ങൾക്ക് കഴിഞ്ഞ വർഷം 14 കോടി രൂപയനുവദിച്ചിരുന്ന സ്ഥാനത്ത് ഈ വർഷം 10 കോടി 46 ലക്ഷം രൂപയായിട്ട് കുറച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ 14 കോടി രൂപപോലും ഇല്ല. കുറ്റിപ്പുറം-ഗുരുവായൂർ ലൈൻ പൂർത്തിയാക്കാൻ 126 കോടി രൂപ വേണം. അനുവദിച്ചത് ഒരു കോടിരൂപയാണ്. 126 കോടി രൂപ കിട്ടേണ്ട സ്ഥാനത്ത് ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അപ്പോൾ എന്നാണ് ആ ലൈൻ പൂർത്തീകരിക്കുക? അങ്കമാലി ശബരിമല പാതയ്ക്ക് 541 കോടി രൂപ വേണ്ട സ്ഥാനത്ത് നീക്കിവെച്ചത് വെറും ഒരു കോടി രൂപയാണ്. ശബരിമലയെക്കുറിച്ച് നമ്മൾ എപ്പോഴും പറയുന്നു. ആ ശബരിമലയിലെ അയ്യപ്പനെ ഓർത്തെങ്കിലും കുറച്ചു പൈസ കൊടുക്കണ്ടേ? ആകെ അതിനുവേണ്ടി ഒരുകോടി രൂപയാണ് മാറ്റിവച്ചത്. കോട്ടയം-എരുമേലി പാതയ്ക്ക് 196 കോടി രൂപ വേണം. നമുക്ക് നൽകിയത് വെറും ഒരുകോടി രൂപയാണ്. കേരളത്തിലെ റെയിൽവേ വികസനത്തിൽ പൂർണ്ണമായ അവഗണനയാണ്. 2,500 കോടി രൂപ നിക്ഷേപിക്കുമെന്ന് പ്രധാനമന്ത്രി ഇവിടെ വന്ന് പ്രഖ്യാപിച്ചതാണ്. ആ പ്രഖ്യാപനം നടത്തിയ പ്രധാനമന്ത്രി ഡൽഹിയിൽ എത്തിയപ്പോൾ ഇത് മറന്നുപോയോ? പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തിൽ നൽകിയ വാഗ്ദാനം പാലിച്ചിട്ടില്ല. കേന്ദ്രമന്ത്രി ശ്രീ. ലാലു പ്രസാദ് യാദവ് കേരളത്തിൽ വന്നിട്ടു പറഞ്ഞു 2,500 കോടി രൂപ കേരളത്തിന് കിട്ടുമെന്ന്. ഒന്നും കിട്ടിയില്ല. കേരളത്തെ പൂർണ്ണമായും മറന്നുപോയി. ഇൻഡ്യയുടെ റെയിൽവേ ഭൂപടത്തിൽ കേരളത്തിന് സ്ഥാനം ഇല്ലാത്ത സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കേരളത്തിൽ ഒരു റെയിൽവേ സോൺ വേണം. ആ റെയിൽവേ സോൺ കേരളത്തിൽ കിട്ടാത്തിടത്തോളംകാലം ഈ അവഗണന തുടർന്നുകൊണ്ടേയിരിക്കും. കേന്ദ്രം ആര് ഭരിച്ചാലും കേരളത്തോടുള്ള അവഗണന നമുക്ക് അനുവദിക്കാൻ സാധിക്കുമോ? കേന്ദ്രത്തിൽ കോൺഗ്രസ്സാണ് ഭരിക്കുന്നത്. ഇവിടേയും കോൺഗ്രസ് ആണ് ഭരിക്കുന്നത്. തക്കസമയത്ത് കേരള ഗവൺമെന്റ് ഇടപെട്ടില്ല. ഇടപെട്ടിരുന്നുവെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം ഒരു അവഗണന കേരളത്തോട് ഉണ്ടാകുമായിരുന്നില്ല. ലോകസഭയിലും രാജ്യസഭയിലും

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള കേരളത്തിലെ 29 ആളുകളിൽ 28 ആളുകൾ പിന്തുണ കൊടുക്കുന്ന മന്ത്രിസഭയാണ് ഇന്ന് കേന്ദ്രത്തിലെ മന്ത്രിസഭ. ഇത്തരം ഒരു മന്ത്രിസഭ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഇങ്ങനെ കേരളം ഒറ്റക്കെട്ടായി പിന്തുണ കൊടുക്കുന്ന ഒരു മന്ത്രിസഭ ഉണ്ടായിരുന്നിട്ടുപോലും കേരളത്തിന്റെ റെയിൽവേ വികസനത്തിൽ ഇങ്ങനെ ഒരു അവഗണന സ്വീകരിച്ചാൽ അതിൽ പ്രതിഷേധിക്കാതിരുന്നാൽ ഈ കേരളീയരെ എന്തിന് കൊള്ളാം? നമുക്ക് കേന്ദ്രത്തിന്റെ മുൻപിൽ ഒരു വിലയും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് നമ്മുടെ എം. പി. മാർ പാർലമെന്റിന്റെ മുൻപിൽ ഇന്ന് സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ വികാരമാണ് എം. പി. മാർ പ്രകടിപ്പിക്കുന്നത്. ഈ ദിവസം തന്നെ സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്താൽ അത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടും. അത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാകേണ്ടിവരും. ഇന്ന് ഇവിടെ സപ്ലിമെന്ററി ഡിമാന്റ് ചർച്ച ചെയ്യുകയാണ്. 1990 മുതൽ 2000 വരെ ചെലവ് ചെയ്തിട്ടുള്ളതിന്റെ സപ്ലിമെന്ററി ഡിമാന്റ് ചർച്ചയാണ്. കേരളത്താകെയാകെ ബാധിക്കുന്ന ഈ റെയിൽവേ അവഗണനയുടെ പ്രശ്നം ചർച്ച ചെയ്യാൻവേണ്ടി ഇന്ന് സഭാനടപടികൾ നിർത്തി വച്ചുകൊണ്ട് റെയിൽവേ പ്രശ്നം ചർച്ചയ്ക്കെടുത്തു എന്ന് വന്നാൽ ഇത് ഒരു ദേശീയ വാർത്തയാകും. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടും. കേരളത്തിലെ ജനങ്ങളുടെ വികാരം കേന്ദ്രം അറിയും. കേരളത്തിലെ മുന്നേകാൽ കോടി ജനങ്ങളുടെ വികാരമാണ്. ലോകത്തെമ്പാടുമുള്ള മലയാളികൾക്കുവേണ്ടിയുള്ള വികാരമാണ് നമ്മൾ ഇവിടെ ഉയർത്തി പിടിക്കേണ്ടത്. ഇതിൽ നമുക്ക് ഭരണപക്ഷം വേണ്ട, പ്രതിപക്ഷം വേണ്ട. നമ്മൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ കേരളത്തിലെ വികാരം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം. അതുകൊണ്ട് സഭാനടപടികൾ നിർത്തി വച്ചുകൊണ്ട് ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന ശക്തമായ കേരള ജനതയുടെ വികാരം ഞാൻ ഇവിടെ പ്രകടിപ്പിക്കുന്നു. അങ്ങും ഇക്കാര്യത്തിൽ സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : കേരളത്തിന് അർഹമായ പരിഗണന പൂർണ്ണമായും ലഭിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിനകത്ത് 215.7 കോടി രൂപയാണ് വച്ചിരുന്നത്. പക്ഷേ ഈ പ്രാവശ്യത്തെ ബഡ്ജറ്റിനകത്ത് 307.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അപ്പോൾ എമൗണ്ടിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ കഴിഞ്ഞ വർഷത്തേക്കാൾ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് വേണമെങ്കിൽ സൂചിപ്പിക്കാൻ സാധിക്കും. ഈ സഭയുടെ കോൺസൻസസ്സ് എന്ന് പറയുന്നത് കേരളത്തിനുവേണ്ടി പുതിയ സൗകര്യങ്ങൾ അനുവദിക്കണം, കേരളത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കണം എന്നുള്ളത് തന്നെയാണ്. പക്ഷേ അത് അംഗീകരിക്കണമെന്ന് പറയുമ്പോൾത്തന്നെ, എല്ലാ ഫാക്ടും അംഗീകരിച്ചുകൊണ്ട് കേരളത്തിന്റെ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ഈ പറഞ്ഞ നേരിയ വർദ്ധനവ് പോലും പോര എന്നാണ് കേരളത്തിന്റെ നിലപാട്. ആ നിലപാടാണ് നമ്മൾ നേരത്തെ അറിയിച്ചു എന്ന് സൂചിപ്പിച്ചത്. എനിക്ക് കിട്ടിയ രേഖകളുടെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിക്കുന്നത്. ആ രേഖകൾ അനുസരിച്ച് കഴിഞ്ഞ വർഷത്തേക്കാൾ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. ബഡ്ജറ്റിൽ നേരിയ വർദ്ധനവ് വന്നു എന്ന് തന്നെയാണ് രേഖകൾ സൂചിപ്പിക്കുന്നത്. അത് ഒരുഭാഗത്ത് നിൽക്കുന്നു. പക്ഷേ കേരള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ, നമ്മൾ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഇതേവരെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുവച്ചിരുന്ന കാര്യങ്ങൾ അതുമായി തട്ടിച്ചുനോക്കുമ്പോൾ ഈ നേരിയ വർദ്ധനവ് ഈ സംസ്ഥാനത്തെ സംബന്ധിച്ച് ആശാവഹമല്ല എന്ന് തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. ഞാൻ നേരത്തെ ഇവിടെ പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടി പുതിയ ഒരു റെയിൽവേ സോൺ വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ നിബന്ധനകൾ വച്ചായാലും കേരള സംസ്ഥാനത്തിന് ആ റെയിൽവേ സോൺ നിരാകരിക്കുന്നതിൽ അർത്ഥമില്ല. കാരണം, വർക്ക് ലോഡിന്റെയും അക്സസിബിലിറ്റിയുടേയും ജിയോഗ്രഫിക്കലായിട്ടുള്ള കിടപ്പുകളുടേയും അഡ്മിനിസ്ട്രേറ്റീവ് ആന്റ് ഓപ്പറേഷണൽ കൺസിഡറേഷൻസിന്റെയും അടിസ്ഥാനത്തിൽ സോൺ അനുവദിക്കുന്നുവെങ്കിൽ കേരളത്തിൽ അത് ഇല്ല എന്ന് തരം തിരിക്കാൻ കഴിയില്ല. കേരളത്തിലെ രണ്ട് റെയിൽവേ ഡിവിഷനുകൾ മൂന്ന് സംസ്ഥാനങ്ങളിലായിട്ടാണ് നിൽക്കുന്നത്. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ആയിട്ടുള്ള സൗകര്യത്തിനുവേണ്ടി കേരളത്തിൽ റെയിൽവേ സോൺ വേണമെന്നുള്ള ആവശ്യം കേരളം നൽകിയിട്ടുള്ള നിവേദനത്തിന്റെ ഒന്നാമത്തെ ഇനമായി തന്നെ നേരത്തെ കൊടുത്തിട്ടുണ്ട്. ഇവിടെ ഇലക്ട്രിഫിക്കേഷനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. പാത ഇരട്ടിപ്പിക്കലാണ് കേരളത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതം. കാരണം പുതിയ ട്രെയിൻ ഓടണമെങ്കിൽ ഫീസിബിലിറ്റി ഉണ്ടാകണം. പാത ഇരട്ടിപ്പിക്കൽ ഇല്ലാതെ നമുക്ക് പുതിയ വികസനത്തെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. ആ പാത ഇരട്ടിപ്പിക്കലിനുവേണ്ടിയുള്ള ഇപ്പോഴത്തെ പണികൾ തന്നെ വളരെ ഇഴഞ്ഞു നീങ്ങുന്നു. കാരണം, സാമ്പത്തികമായ പ്രാരാബ്ധങ്ങൾ കൊണ്ട് തുക അനുവദിക്കുന്നില്ല. തുക അനുവദിച്ചില്ലെങ്കിൽ നടന്നു കൊണ്ടിരിക്കുന്ന പാത ഇരട്ടിപ്പിക്കൽ പദ്ധതി തന്നെ നമ്മൾ ഉദ്ദേശിക്കുന്ന വേഗത്തിൽ മുന്നോട്ടു പോകില്ല. അതുകൊണ്ട് കൂടുതൽ തുക വേണം എന്ന് തന്നെയാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേമന്ത്രിക്കും അയച്ചിരിക്കുന്ന അടിയന്തിര സന്ദേശത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. അത് ഞാൻ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്. ചെങ്ങന്നൂർ മുതൽ മുളന്തുരുത്തി വരെയുള്ള ഭാഗം പാത ഇരട്ടിപ്പിക്കൽ പദ്ധതിയ്ക്കകത്ത് അംഗീകരിച്ചിട്ടില്ല. അതിന് ആവശ്യമായ തുക അനുവദിക്കണമെന്നുള്ളത് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എറണാകുളം-തിരുവനന്തപുരം, ഷൊർണ്ണൂർ-മാംഗ്ലൂർ ഇതിനെല്ലാം നമ്മൾ തുക ആവശ്യപ്പെട്ടിട്ടുള്ളതാണ്. പുതിയ സൂപ്പർ ഫാസ്റ്റ് ട്രെയിനുകളെ സംബന്ധിച്ച് ഞാൻ ഇവിടെ പരാമർശിക്കുന്നില്ല. ഇവിടെ സംസാരിച്ചത് പൊതുവികാരത്തിന്റെ ഭാഗമാണ്. ആ പൊതുവികാരത്തിൽനിന്ന് മാറില്ല. അതുകൊണ്ട് ഇതാണ് ഗവൺമെന്റിന്റെ നിലപാട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസത്തിന് സ്ഥാനമില്ല. റെയിൽവേ ബഡ്ജറ്റിൽ കേരളത്തോട് നീതി കാണിച്ചിട്ടില്ല എന്നത് എല്ലാപേർക്കും ഒരുപോലെ ബോദ്ധ്യമായിട്ടുള്ള കാര്യമാണ്. സംസ്ഥാന ഗവൺമെന്റ് റെയിൽവെ വികസനം സംബന്ധിച്ച് വ്യക്തമായ പ്രയോറിറ്റി തയ്യാറാക്കി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും അതിനുശേഷം പ്രധാനമന്ത്രിക്കും നിവേദനം കൊടുത്തിട്ടുള്ളതാണ്. ഏറ്റവും ഒടുവിൽ ഈ ബഡ്ജറ്റിനു തൊട്ടു മുൻപിലായി റെയിൽവേ മന്ത്രിയെ കാണാൻ സാധിക്കാത്ത സാഹചര്യത്തിൽ റെയിൽവേ സഹമന്ത്രിയുമായി റെയിൽവേ ഉന്നത

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ ഉന്നയിച്ചതിനകത്തും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഒന്നാമത്തെ ആവശ്യം ഡബ്ലിംഗും ഗേജ് കൺവെർഷനുമാണ്. രണ്ടാമത്തേത് ഇലക്ട്രിഫിക്കേഷൻ, മൂന്നാമത്തേത് പുതിയ ട്രെയിനുകൾ, നാലാമത്തേത് പുതിയ ലൈനുകൾ, അഞ്ചാമത്തേത് ഓവർ ബ്രിഡ്ജുകളും വച്ചിട്ടുണ്ട്. റെയിൽവേ സോൺ നമ്മൾ കൊടുത്തതിനകത്ത് ഒന്നാമത്തെ ആവശ്യമാണ്. ഇതിന് മാത്രമാണ് അനുകൂലമല്ലാത്ത ഒരു മറുപടി അവിടെനിന്നും ലഭിച്ചിട്ടുള്ളത്. ഇപ്പോഴത്തെ നോംസ് അനുസരിച്ച് ഒരു റെയിൽവേ സോൺ പരിഗണനയിലില്ലെന്നുള്ളത് അറിയിച്ചിട്ടുണ്ട്. പക്ഷെ ബാക്കിയുള്ള നമ്മുടെ എല്ലാ ആവശ്യങ്ങളോടും അങ്ങേയറ്റം അനുഭാവപൂർവ്വമായ സമീപനമാണ് എടുത്തിരിക്കുന്നത്. നമ്മൾ ഡബ്ലിംഗിന്റെ കാര്യവും ഗേജ് കൺവെർഷന്റെ കാര്യവും ശ്രീ. ലാലു പ്രസാദ് യാദവ് തിരുവനന്തപുരത്ത് വന്ന സമയത്ത് നടന്ന ചർച്ചയിൽ ഉന്നയിച്ചപ്പോൾ അഞ്ച് മിനിട്ട് പോലും ചർച്ചയ്ക്ക് എടുക്കാതെ അദ്ദേഹം ഒരു കാര്യം പറഞ്ഞു.

"കേരളത്തിലെ ആവശ്യങ്ങൾ ന്യായമാണ്. ഇതിനെപ്പറ്റി നിങ്ങൾ ഇനി കൂടുതലൊന്നും പറയണ്ട, പക്ഷേ നിങ്ങളോട് ഒരു ചോദ്യം, നിങ്ങൾ ആവശ്യമായ ലാന്റ് വിട്ടുതരാൻ തയ്യാറാകുമോ? കേരളത്തിന്റെ റെയിൽവേ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട തടസ്സം ലാന്റ് കിട്ടാത്തതാണ്. അതുകൊണ്ട് നിങ്ങളാണ് അതിന് മറുപടി പറയേണ്ടത്. ലാന്റ് തരാൻ നിങ്ങൾ തയ്യാറാണോ" എന്ന് ചോദിക്കുകയുണ്ടായി. കേരളത്തിന്റെ വികസനത്തിനുവേണ്ടി നമ്മൾ നിൽക്കുമ്പോൾ അതിന് അനുകൂലമല്ലാത്ത ഒരു മറുപടി പറയാൻ എനിക്ക് സാദ്ധ്യമല്ല, അതുകൊണ്ട് ഞാൻ പറഞ്ഞു തയ്യാറാണെന്ന്. എത്രമാത്രം സാധിക്കും എന്നുള്ള സംശയം ഉണ്ടായിരുന്നിട്ടുപോലും ഞാൻ പറഞ്ഞു അത് തന്നുകൊള്ളാമെന്ന്. എന്നാൽ പിന്നെ കൂടുതൽ ചർച്ച വേണ്ട, എത്ര ലാന്റ് തരുന്നോ അതനുസരിച്ച് ഡബ്ലിംഗും, ഗേജ് കൺവേർഷനും ഇവിടെ നടന്നിരിക്കും എന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷമാണ് ഫാസ്റ്റ് ട്രാക്ക് പ്രോജക്ട്സ് എന്നുപറഞ്ഞ് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കി ശ്രീ. ഗ്യാനേഷ് കുമാറിനെ അതിന്റെ സെക്രട്ടറിയാക്കി പ്രത്യേക സംവിധാനം ഉണ്ടാക്കിയത്. ഇത് മുഖ്യമായും റെയിൽവേയ്ക്കും, നാഷണൽ ഹൈവേയ്ക്കും, എയർപോർട്ട്സിനും വേണ്ടിയാണ്. ഇപ്പോൾ വല്ലാർപ്പാടം കണ്ടെയിനർ പ്രോജക്ട് വന്നപ്പോൾ അതുമായി ബന്ധപ്പെട്ടിട്ടുള്ള റെയിൽ, റോഡ്, എയർപോർട്ട് കണക്ടിവിറ്റിക്ക് ഒക്കെ വേണ്ടിയിട്ടുള്ള ചില സ്കീമുകൾ കൂടി അവർക്ക് കൊടുത്തിട്ടുണ്ട്. റയിൽവേയുമായി ചർച്ച ചെയ്തു. ഞാൻ തന്നെ ആദ്യം വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ ചർച്ച ചെയ്തു, പിന്നെ തുടർച്ചയായിട്ട് ഉദ്യോഗസ്ഥൻമാരുമായിട്ടൊക്കെ ചർച്ച ചെയ്തിട്ട് ഇന്ന ഡേറ്റിനകം ഞങ്ങൾക്ക് ഇന്ന ഇന്ന ലാന്റുകൾ വിട്ടുതരണം എന്നുപറഞ്ഞ് 22 പ്രോജക്ടുകൾ അവർ തന്നു. മംഗലാപുരം-ഷൊർണ്ണൂർ, എറണാകുളം-കായംകുളം വയ കോട്ടയം, എറണാകുളം-കായംകുളം വയ ആലപ്പുഴ ഇത് ഡബ്ലിംഗിനു വേണ്ടി, കൊല്ലം-ചെങ്കോട്ട ഗേജ് കൺവേർഷൻ, വേളി ന്യൂ റയിൽവേ സ്റ്റേഷനുവേണ്ടിയിട്ടുള്ളത് ഇത്രയും വർക്കുകൾക്കു വേണ്ടി 22 സെഗ്മെന്റ്സിൽ ലാന്റ് എടുത്തുകൊടുക്കണമെന്ന് പറഞ്ഞു. 22-ൽ 18 പ്രോജക്ടിനുമുള്ള സ്ഥലം അതായത് 107.49 ഏക്കർ സ്ഥലം സമയത്തു തന്നെ എടുത്തു കൊടുത്തു. ബാക്കി നാലെണ്ണത്തിൽ രണ്ടെണ്ണത്തിൽ റയിൽവേ തന്നെ അവരുടെ റിക്വസ്റ്റിനകത്ത് മാറ്റം വരുത്തി. ചെയിഞ്ച് ഇൻ റിക്വയർമെന്റ്സ് ഷൊർണ്ണൂർ - പള്ളിപ്പുറം ഡബ്ലിംഗ് ആന്റ് ബ്രിഡ്ജ് 766 അതിനകത്ത് അവർ തന്നെ ചെയിഞ്ച് പറഞ്ഞു. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ തിരുവനന്തപുരം - നാഗർകോവിൽ അതിനകത്ത് ഒരു പോർഷനിലും അവർ റികമ്മീഷൻമെന്റ് ചെയിഞ്ച് ചെയ്തു. അതുകൊണ്ട് ആ രണ്ടു സ്ഥലങ്ങളിൽ സ്ഥലം കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് സാദ്ധ്യമല്ല. അവർ ഇനി ചെയിഞ്ച് ചെയ്ത് റികമ്മീഷൻ കിട്ടിയാൽ അന്നേരം കൊടുക്കും. മറ്റ് രണ്ട് വർക്കുകൾ മാർച്ച് 31-നു മുമ്പ് തന്നാൽ മതി എന്നുപറഞ്ഞതനുസരിച്ച് മാവേലിക്കര - ചെങ്ങന്നൂർ, ചേപ്പാട് - ഹരിപ്പാട് ഈ രണ്ടു പ്രോജക്ടുകൾക്ക് മാർച്ച് 31-നു മുമ്പ് കൊടുത്താൽ മതിയെന്നു പറഞ്ഞു, മാർച്ച് 31-നു മുമ്പ് സറണ്ടർ കൊടുത്തിരിക്കും. റയിൽവേയുടെ വികസനത്തിന് ഇതുവരെ കേരളത്തെ പ്രതിക്കൂട്ടിലാണ് നിർത്തിയിരുന്നത്, എന്നോട് റയിൽവേ സഹമന്ത്രി ചർച്ച നടക്കുന്ന സമയത്ത് പറഞ്ഞു നിങ്ങളാണ് കുഴപ്പമുണ്ടാക്കുന്നത് ഞങ്ങൾ എവിടെയെങ്കിലും സ്ഥലമെടുക്കാൻ ശ്രമിച്ചാൽ അന്നേരം തടസ്സം നിൽക്കുകയാണ്. ഗവൺമെന്റിൽ നിന്ന് തടസ്സം, എം.പി. മാരുടെ ഭാഗത്തുനിന്ന് തടസ്സം നിങ്ങൾ അത് ഏൽക്കണം എന്നുപറഞ്ഞു. ഞങ്ങൾ അത് ഏറ്റു. ഏറ്റതനുസരിച്ച് വ്യക്തമായ പ്ലാൻ തയ്യാറാക്കി പ്രത്യേക പ്രോജക്ട് ഉണ്ടാക്കി, പ്രത്യേക സെക്രട്ടറിയെ വച്ചു. പക്ഷെ എന്നിട്ടും നമുക്ക് നമ്മൾ കൊടുത്ത ആ പ്രവർത്തനത്തിന് അനുസരിച്ചുള്ള പ്രതികരണം ഉണ്ടായിട്ടില്ല. ഇലക്ട്രിഫിക്കേഷനാണ് രണ്ടാമത് നമ്മുടെ പ്രയോറിറ്റി. അതിന് തൃപ്തികരമായ രീതിയിലുള്ള പ്രവർത്തനം റയിൽവേ ചെയ്തിട്ടുണ്ട്. അതിന് പ്രത്യേകമായ നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മാർച്ച് 31-നകം കൊല്ലം വരെയുള്ളത് പൂർത്തിയാകും. സെപ്റ്റംബർ മാസത്തിനു മുമ്പ് കൊല്ലം - തിരുവനന്തപുരം പൂർത്തിയാക്കും. ഈ പ്രാവശ്യം ഇലക്ട്രിഫിക്കേഷന് തുക വച്ചിരിക്കുന്നത് അൽപ്പം കുറവാണ്. ഞാൻ അന്നേരം തന്നെ റയിൽവേ അധികൃതരോട് വിളിച്ചു ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു ഞങ്ങളുടെ വർക്ക് മിക്കവാറും തീർന്നു കഴിഞ്ഞിരിക്കുകയാണ്, ഇലക്ട്രിഫിക്കേഷന് തുക കുറച്ചു വച്ചതുകൊണ്ട് ഒരു പ്രശ്നവുമില്ല, ഞങ്ങളുടെ ടാർജറ്റ് അനുസരിച്ച് പൂർത്തീകരിക്കുന്നതിനുള്ള തുകയുണ്ടെന്ന് പറഞ്ഞു. അതുകൊണ്ട് ഇലക്ട്രിഫിക്കേഷന്റെ കാര്യത്തിൽ തൃപ്തികരമായ രീതിയിലുള്ള വർക്ക് നടക്കുന്നു എന്ന് സംസ്ഥാന ഗവൺമെന്റിന് പൂർണ്ണബോദ്ധ്യമുണ്ട്. ഈ മാർച്ച് 31-നു മുമ്പ് കൊല്ലംവരെയുള്ളത് പൂർത്തിയാക്കും, സെപ്റ്റംബർ 30-നു മുമ്പ് കൊല്ലം-തിരുവനന്തപുരവും പൂർത്തിയാക്കും. പുതിയ ട്രെയിനിന്റെ കാര്യത്തിൽ കടുത്ത അവഗണനയാണ് കാണിച്ചിരിക്കുന്നത്. കേരളത്തിൽ നിന്ന് പല ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പലതും ന്യായമാണെന്ന് സമ്മതിച്ചിരുന്നു. പക്ഷെ ഒരു ട്രെയിൻ പോലും നമുക്ക് തന്നിട്ടില്ല. മൂന്നു ട്രെയിനുകളുടെ എക്സ്റ്റൻഷൻ, ഒരു ട്രെയിൻ ആറു ദിവസം ഓടിക്കൊണ്ടിരുന്നത് ഏഴ് ദിവസമാക്കി മാറ്റി. പുതിയ ട്രെയിനിന്റെ കാര്യത്തിൽ അങ്ങേയറ്റത്തെ അവഗണന കാണിച്ചിരിക്കുകയാണ്. അതുപോലെ തന്നെ റയിൽവേ ഓവർബ്രിഡ്ജിന്റെ കാര്യത്തിൽ നമ്മൾ ആവശ്യപ്പെട്ടതിൽ നിന്നും തികച്ചും വ്യത്യസ്തമായി 16 എണ്ണം നമ്മൾ ആവശ്യപ്പെട്ടു അതിന് സ്ഥലവും കൊടുത്തോളാം എന്ന് നമ്മൾ ഏറ്റതാണ്. പക്ഷെ പുതിയതായി തന്നിരിക്കുന്നത് വെറും രണ്ടെണ്ണം മാത്രമാണ്. അതേസമയത്ത് പഴയത് 50 എണ്ണത്തിന്റെ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 52 ആയി. ഈ 50-നകത്തുതന്നെ നമുക്കുള്ള ബുദ്ധിമുട്ട് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കൂടി ഇതിനകത്തുണ്ട്. അത് നമ്മൾ ഹഡ്കോയിൽ നിന്ന് ലോൺ എടുത്തു കൊടുക്കുകയാണ്. റയിൽവേയിൽ ആവശ്യത്തിന് ഫണ്ട് വച്ചില്ല എങ്കിൽ ഹഡ്കോയിൽ നിന്ന് നമ്മൾ ലോൺ എടുക്കുകയും, നമ്മൾ പലിശ കൊടുക്കുകയും ഈ വർക്ക് പൂർത്തിയാകാതിരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന പ്രത്യേകമായിട്ടുള്ള സാഹചര്യമാണുണ്ടാകുന്നത്. അതുപോലെതന്നെ പുതിയ ലൈനിന്റെ കാര്യത്തിലും വേണ്ടത്ര പരിഗണന കിട്ടിയിട്ടില്ല. ഈ കാര്യത്തിൽ തർക്കത്തിന്റെ കാര്യമില്ല. ഇക്കാര്യത്തിൽ ഒറ്റ സ്വരത്തിൽ ഒറ്റ നിലപാടിൽ കേരളത്തിന് റയിൽവേ വികസനത്തിന്റെ കാര്യത്തിൽ നീതി കിട്ടുന്നതിന് കൂട്ടായിട്ട് നമുക്ക് ശ്രമിക്കാം. ഇന്നലെവരെ നമ്മളെ പ്രതിക്കൂട്ടിൽ നിർത്തിയിരുന്നു എങ്കിൽ ഇന്ന് നമുക്ക് തുറന്നുപറയാം. സംസ്ഥാന ഗവൺമെന്റ് റയിൽവേ വികസനത്തിന് ആവശ്യമായിട്ടുള്ള എല്ലാ സഹകരണവും കൊടുക്കുന്നുണ്ട്, എല്ലാ വിധത്തിലും സഹകരണം കൊടുക്കുന്നു. കൊച്ചുവേളി ടെർമിനലിന് സ്ഥലം കൊടുത്തില്ല എന്നുപറഞ്ഞാണ് ഇതുവരെ നീട്ടിക്കൊണ്ടിരുന്നത്. സ്ഥലം കൊടുത്തു. ഈ മാർച്ച് 31-നു മുമ്പ് കൊച്ചുവേളി റയിൽവേ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കും. അവിടെനിന്ന് ഒരു സമ്പർക്ക ക്രാന്തി എക്സ്പ്രസ്സ് മാർച്ച് 31-നു മുമ്പ് ഓടിക്കും എന്നുപറഞ്ഞിട്ടുണ്ട്. അവിടെയും നമ്മൾ ആവശ്യത്തിന് സ്ഥലം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഏതുവിധത്തിൽ വേണമെന്നുള്ളത് നമുക്ക് തീരുമാനിക്കാം. ഇവിടെ ചർച്ച ചെയ്യണമെങ്കിൽ ചർച്ച ചെയ്യാൻ തയ്യാറാണ്. നമ്മുടെ സപ്ലിമെന്ററി ഡിമാന്റും ഇന്നത്തെ ബിസിനസ്സും പാസ്സാക്കിയതിനുശേഷം നമുക്ക് അതിനു വേണ്ടിയിട്ട് സമയം എടുക്കാം. ഞാൻ ആദ്യം തീരുമാനിച്ചതും പറഞ്ഞതും ഇന്ന് സീറോ ഹവർ കഴിഞ്ഞാൽ ഉടനെ ഈ സഭയിൽ പ്രാതിനിധ്യമുള്ള എല്ലാ കക്ഷികളുടെയും നേതാക്കൾ ഒന്നിച്ചിരുന്നിട്ട് തീരുമാനമെടുത്ത് ചർച്ച ചെയ്യണമെങ്കിൽ ചർച്ച ചെയ്യാം, ജോയിന്റായിട്ട് പ്രമേയം പാസ്സാക്കണമെങ്കിൽ പാസ്സാക്കാം, ജോയിന്റായിട്ട് നിവേദനം കൊടുക്കാൻ പോകണമെങ്കിൽ പോകാം. ഏതായാലും ഇക്കാര്യത്തിൽ കേരളത്തിന്റെ ശബ്ദം നമുക്ക് ഒറ്റക്കെട്ടായി കേന്ദ്രത്തെ അറിയിക്കണം. ഇക്കാര്യത്തിൽ ഒരപശബ്ദവും ഇല്ലാത്ത രീതിയിൽ നമുക്ക് ഒന്നിച്ച് മുന്നോട്ടു നീങ്ങാം. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പൂർണ്ണമായിട്ടുള്ള സഹകരണം ഉണ്ടാകും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ സന്നദ്ധത തികച്ചും സ്വാഗതാർഹം തന്നെയാണ്. പക്ഷെ അതൊരു പ്രവൃത്തിയുടെ രൂപത്തിൽ വരണമെന്നുണ്ടെങ്കിൽ ഇന്ന് നമ്മുടെ പാർലമെന്റംഗങ്ങൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനത്തോടുള്ള പ്രതിഷേധം പ്രകടിപ്പിക്കാൻ വേണ്ടി അവിടെ സമരം ചെയ്യുമ്പോൾ അതിനോട് സമാനമായി തന്നെ ശക്തമായ ഒരു പ്രൊട്ടസ്റ്റ് ഈ സഭയുടേതായിട്ട് നൽകാൻ പറ്റുന്ന വിധത്തിൽ ഒരു പ്രമേയം അംഗീകരിക്കാൻ തക്കവിധത്തിലുള്ള നടപടി നമുക്ക് സ്വീകരിക്കാൻ കഴിയണം. നമ്മുടെ ശക്തമായിട്ടുള്ള പ്രൊട്ടസ്റ്റ് ഈ സഭയുടേതായിട്ട് ഉണ്ടാകത്തക്കവിധത്തിലുള്ള നടപടി എടുക്കണം എന്നുള്ളതാണ് എനിക്ക് റിക്വസ്റ്റ് ചെയ്യാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശം അംഗീകരിക്കുന്നു. നമുക്ക് അൽപ്പസമയം കൊണ്ട് അത് ഡ്രാഫ്റ്റ് ചെയ്ത് കക്ഷി നേതാക്കളുടെ യോഗം ചേർന്നിട്ടാണെങ്കിൽ അങ്ങനെ, ഇന്നത്തെ ദിവസം തന്നെ നമുക്ക് ഈ സീറോ ഹവർ കഴിഞ്ഞാൽ അന്നേരം തന്നെ ഡ്രാഫ്റ്റിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തി ഇന്നുതന്നെ പ്രമേയം അവതരിപ്പിച്ച് പാസ്സാക്കാം.

മി. സ്പീക്കർ: ഇതിൽ ഭരണപക്ഷവും, പ്രതിപക്ഷവും ഇല്ല. ജനപക്ഷമാണ്. എല്ലാവരും ഇക്കാര്യത്തിൽ ഒരുമിച്ച് നിൽക്കുക എന്നുള്ളതാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഈ സഭയിൽ മൂന്നോ നാലോ പ്രാവശ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ രണ്ടു ഭാഗത്തുനിന്നുമുള്ള അംഗങ്ങൾ സംസാരിച്ചിട്ടുള്ളതാണ്. ഞാൻ ആ കാര്യങ്ങൾ ഒന്നും ഇവിടെ ആവർത്തിക്കുന്നില്ല. ഇപ്പോൾ നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനം തീർച്ചയായിട്ടും നന്നായി. ആറു കോടി രൂപ ഇതിന്റെ കുടിശ്ശിക കൊടുത്തുതീർക്കാനായി കൃാബിനറ്റ് കൂടി തീരുമാനിച്ചു, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിട്ട് അറിയിക്കുകയും ചെയ്തതാണ്. പക്ഷെ ഞാൻ ഇന്നലെ കൂടി അന്വേഷിച്ചപ്പോൾ ഈ കൃാബിനറ്റ് എടുത്ത തീരുമാനപ്രകാരമുള്ള സംഖ്യ ജില്ലാ കളക്ടർമാർക്ക് കിട്ടിയിട്ടില്ല. കൃഷി ഉദ്യോഗസ്ഥൻമാരുടെ കൈകളിൽ എത്തിയിട്ടില്ല. സാധാരണപോലെ പാലക്കാടും, തൃശൂരും, കുട്ടനാടും ഒരു സ്ഥലത്തും കിട്ടിയിട്ടില്ല. അപ്പോൾ കൃാബിനറ്റ് തീരുമാനം അനുസരിച്ചുള്ള കുടിശ്ശിക സംഖ്യ പാടശേഖര സമിതികൾക്കും സഹകരണ സംഘങ്ങൾക്കും കിട്ടിയാലേ നെല്ല് സംഭരിക്കാൻ കഴിയുകയുള്ളൂ. ഫലത്തിൽ കുട്ടനാടും പാലക്കാടും നെല്ല് സംഭരണം നടക്കുന്നില്ല. ഇപ്പോൾ തൃശ്ശൂർ മേഖലയിൽ കൊയ്ത്ത് കഴിഞ്ഞത് സംഭരിക്കാൻ കഴിയുന്നില്ല. വളരെ കുറച്ച് നെല്ല് എടുക്കുന്നതൊഴിച്ചാൽ നെല്ല് സംഭരിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി നെല്ല് സംഭരിക്കാൻ കഴിയണമെങ്കിൽ കുടിശ്ശിക സംഖ്യ കൊടുത്തുതീർക്കണം. ഈ സഹകരണങ്ങളെക്കൊണ്ട് നെല്ലെടുപ്പിക്കണം. ഗവൺമെന്റ് നിർദ്ദേശിച്ചതുപോലെതന്നെ ഗവൺമെന്റ് ഏജൻസികളുൾപ്പെടെ നെല്ല് സംഭരിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ എടുത്തെങ്കിൽ മാത്രമേ സംഭരണം നടക്കുകയുള്ളൂ. സാധാരണ ഫെബ്രുവരി മാസത്തിൽ രണ്ടോ മൂന്നോ മഴ വരാറുണ്ട്. മഴ കൂടിവന്നാൽ ഈ നെല്ല് മുഴുവൻ നശിച്ചുപോകുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകും. കൃഷിക്കാരുടെ ആത്മഹത്യയെക്കുറിച്ച് എത്രയോ തവണ ഈ സഭയിൽ പറഞ്ഞതാണ്. ഇന്നും മലയാള മനോരമ പത്രത്തിൽ ഒരു കൃഷിക്കാരന്റെ ആത്മഹത്യയുടെ റിപ്പോർട്ട് ഉണ്ട്. തുടർച്ചയായിട്ട് വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഈ സഭയിൽ എന്റെ ഒരു ചോദ്യത്തിന് ഉത്തരമായിട്ട് പറഞ്ഞത് 213 കൃഷിക്കാർ ആത്മഹത്യ ചെയ്തു എന്നാണ്. 178 പേരാണ് പിന്നീട് ഗവൺമെന്റ് അംഗീകരിച്ചതെന്നു പറഞ്ഞു. വെറും 28 കൃഷിക്കാർക്കാണ് ഗവൺമെന്റ് പ്രഖ്യാപിച്ച സഹായംതന്നെ നൽകിയത്. ചെറിയ തോതിൽ പ്രഖ്യാപിച്ച സഹായം പോലും കിട്ടിയത് നാമമാത്രമായ കൃഷിക്കാർക്കാണ്. ബാങ്കുകളുടെ വായ്പയെക്കുറിച്ച് ഗവൺമെന്റ് ഒരുപാടു കാര്യങ്ങൾ പറഞ്ഞു. ആ വായ്പകൾ തിരിച്ചടയ്ക്കുന്നതിനെ സംബന്ധിച്ചുള്ള സഹായത്തെക്കുറിച്ചു പറഞ്ഞു. സഹകരണ ബാങ്കുകൾ ചെയ്യാൻപോകുന്ന കാര്യങ്ങളെക്കുറിച്ചുപറഞ്ഞു. ഈ മേഖലയെക്കുറിച്ചു പഠനം നടത്തി പരിശോധിക്കപ്പെട്ട പഠനറിപ്പോർട്ടുകളിൽ ഇന്ന് ചൂണ്ടിക്കാണിക്കുന്നത് ഇത്തരം വായ്പയും ഒരു സഹായവും കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly